"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

ഗതാഗത വകുപ്പ്- പുതിയ വാഹന പുക പരിശോധനാ കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾപാലിക്കേണ്ട ദൂരപരിധി നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

G.O.(Rt)No.259/2023/TRANS തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:- 1) 15/02/1996-ലെ സ.ഉ.(കൈ.)48/96/പി ഡബ്ല്യു &റ്റി നമ്പർ ഉത്തരവ്

2) പുക പരിശോധനാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 15.09.2021-ൽ ബഹു.ഗതാഗത വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം

3) ഗതാഗത കമ്മീഷണറുടെ 16/09/2022-ലെ സി1/265/2021-റ്റി.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൂചന രണ്ട് പ്രകാരം പുതിയ പുകപരിശോധന കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ നിലവിലെ സെന്ററുകളിൽ നിന്നും നിശ്ചിത ദൂരപരിധി ഉറപ്പാക്കണം എന്ന ആവശ്യം അംഗീകരിക്കാൻ തീരുമാനം എടുത്തിരുന്നു.

സൂചന ഒന്ന് പ്രകാരമുള്ള ഉത്തരവിൽ അപ്രകാരം ദൂരപരിധി നിശ്ചയിച്ചിരുന്നില്ല. പുതിയ പുക പരിശോധന കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ നിലവിലെ കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി ദൂരപരിധി വേണമെന്ന നിബന്ധന ഉൾപ്പെടുത്താമെന്നും വിവിധ കാരണങ്ങളാൽ സ്ഥാപനം സ്ഥലം മാറുന്ന അവസരങ്ങളിൽ ഈ നിബന്ധന ബാധകമാക്കേണ്ടതില്ലെന്നും പരാമർശം മൂന്ന് പ്രകാരം ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗര / ഗ്രാമ പ്രദേശങ്ങളിൽ പുതിയ പുക പരിശോധന കേന്ദ്രങ്ങൾഇനി അനുവദിക്കുമ്പോൾ ദൂര പരിധി സംബന്ധിച്ച്, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1) ഗ്രാമപ്രദേശങ്ങളിൽ പുക പരിശോധന കേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ പ്രസ്തുത കേന്ദ്രങ്ങൾ തമ്മിൽ 2 കി.മി ദൂരപരിധി ഉണ്ടായിരിക്കേണ്ടതാണ് .

2) ഭാവിയിൽ പാതയുടെ വീതി കൂട്ടൽ, മറ്റ് സാങ്കേതിക കാരണങ്ങൾ എന്നിവയാൽ പുകപരിശോധന കേന്ദ്രത്തിന്റെ സ്ഥലം മാറേണ്ടി വരുന്ന അവസരത്തിൽ മേൽ പറയുന്ന ദൂരപരിധി സംബന്ധിച്ച നിബന്ധന ബാധകമാക്കേണ്ടതില്ല.

3) നഗരപ്രദേശങ്ങളിൽ പുതിയ പുക പരിശോധന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് ദൂരപരിധി ബാധകമാക്കേണ്ടതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJU PRABHAKAR
SECRETARY

പകർപ്പ് :

1) ഗതാഗത കമ്മീഷണർ
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )
3) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
4) കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh R
Date: 30-06-2023 11:39:13
സെക്ഷൻ ഓഫീസർ